(സി) മേൽ പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കുന്നതിനുവേണ്ടി വനം വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥന്മാരുടെ ഒരു യോഗം 28-5-2014-ലും ഡിവിഷൻ തല ഉദ്യോഗസ്ഥരുടെ ഒരു യോഗം 7-6-2014-ലും വനം വകുപ്പാസ്ഥാനത്ത് കൂടുകയുണ്ടായി. ഈ യോഗങ്ങളുടെ തീരുമാനപ്രകാരം ടി പദ്ധതികളുടെ രൂപരേഖ തയ്യാറാക്കിക്കഴിഞ്ഞു.

(ഡി) മിഷൻ 676-ൽ പ്പെട്ട പദ്ധതികളിൽ ഫോറസ്റ്റ് അക്കാദമി കേന്ദ്ര സർക്കാരിന്റെ JICA ഫണ്ടുപയോഗിച്ച് നടപ്പാക്കി വരുന്നു. മറ്റ് പദ്ധതികളിൽ കൃഷിരക്ഷാ പദ്ധതി, ഇക്കോ കേഡറ്റ്സ്, പ്രകൃതിമിത്രാ അവാർഡ്, കരുവിക്കൊരു കൂട്, തൃശ്ശൂർ മൃഗശാല എന്നിവയ്ക്ക് ഭരണാനുമതി നൽകി. രക്ഷക്കൊരു വൃക്ഷം പദ്ധതി 2014-15-ൽ നടപ്പാക്കി. "ഊരിനുണർവ് കാടിനുണർവ്" പദ്ധതി നടപ്പാക്കാൻ 60 ലക്ഷം രൂപ വനം വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അനുവദിച്ചു. 200 ലക്ഷം രൂപയുള്ള പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പിലേക്ക് ഭരണാനുമതിയ്ക്ക് നൽകിയിട്ടുണ്ട്. ഫീൽഡ് തലത്തിൽ പദ്ധതി നിർവ്വഹണം പുരോഗമിക്കുന്നു.

വന്യജീവി വാരാഘോഷം

300 (302) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി വാരാഘോഷത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ ;

(ബി) വന്യജീവി വാരാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ച ആഘോഷപരിപാടികൾ എന്തൊക്കെയാണ് ; പ്രസ്തുത ആഘോഷത്തിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് എന്തെല്ലാം സൗകര്യങ്ങൾ ഒരുക്കിയിരുന്നുവെന്ന് വിശദമാക്കുമോ ;

(സി) ഇതിനായി ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ നല്കുമോ ?

ഉത്തരം

(എ) രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ ജന്മദിനമായ ഒക്ടോബർ 2 മുതലുള്ള ഒരാഴ്ചക്കാലം വന്യജീവി വാരമായി വർഷം തോറും ആചരിച്ചുവരുന്നുണ്ട്. വനം-വന്യജീവി സംരക്ഷണ സന്ദേശം പൊതുജനങ്ങളിൽ, പ്രത്യേകിച്ചും വിദ്യാർത്ഥികളിൽ എത്തിക്കുകയും വിവിധ പരിപാടികളിലൂടെ വനം-വന്യജീവി സംരക്ഷണ പ്രവർത്തനങ്ങളിൽ സമൂഹത്തിന്റെ പങ്കാളിത്തവും പ്രേരണയും ഉറപ്പു

LIBRARY ARCHIVES Kerala Legislative Assembly

വത്തുകയുമാണ് വന്യജീവി വാരാഘോഷത്തിന്റെ ഉദ്ദേശലക്ഷ്യം. ഇതുവഴി ഭാവി തലമുറയ്ക്ക് മെച്ചപ്പെട്ട പാരിസ്ഥിതികബോധവും സുസ്ഥിര വികസനത്തെക്കുറിച്ചുള്ള കാഴ്ചപ്പാടും ഉണ്ടാകണമെന്ന് ലക്ഷ്യമിടുന്നു.

(ബി) വന്യജീവി വാരാഘോഷത്തിന്റെ ഭാഗമായി സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി ജില്ലാ, സംസ്ഥാനതല മത്സരങ്ങളും സംഘടിപ്പിച്ചിരുന്നു. ലോവർ പ്രൈമറി, അപ്പർ പ്രൈമറി വിദ്യാർത്ഥികൾക്കായി പ്രകൃതിയേയും വന്യജീവികളേയും അടിസ്ഥാനമാക്കി പെൻസിൽ ഡ്രോയിംഗ്, വാട്ടർ കളർ പെയിന്റിംഗ് എന്നീ ഇനങ്ങളിലും ഹൈസ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി ക്വിസ്, ഉപന്യാസം, പ്രസംഗം, പെൻസിൽ ഡ്രോയിംഗ്, വാട്ടർ കളർ പെയിന്റിംഗ് എന്നീ ഇനങ്ങളിലും പൊതുജനങ്ങൾക്കായി ഫോട്ടോഗ്രാഫി, പോസ്റ്റർ രചനാ മത്സരം എന്നീ ഇനങ്ങളിലും മത്സരങ്ങൾ സംഘടിപ്പിച്ചിരുന്നു. സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്കും അനുഗമിക്കുന്ന ഒരു രക്ഷാകർത്താവിനും ഭക്ഷണവും താമസ സൗകര്യവും സ്ലീപ്പർ ക്ലാസ് യാത്രാ സൗകര്യവും നൽകുന്നു. വന്യജീവി വാരത്തിൽ പൊതുജനങ്ങൾക്കും, അടുത്ത ഒരു വർഷത്തേക്ക് മത്സര വിജയികൾക്കും പ്രവേശന ഫീസ് കൂടാതെ തന്നെ സൗജന്യമായി ദേശീയോദ്യാനങ്ങളും വന്യജീവി സങ്കേതങ്ങളും സന്ദർശിയ്ക്കാവുന്നതാണ്. വാരാഘോഷത്തിന്റെ ഭാഗമായി ഫോട്ടോ പ്രദർശനങ്ങൾ, കലാപരിപാടികൾ തുടങ്ങിയവയും സംഘടിപ്പിച്ചിരുന്നു.

(സി) 2014 വർഷത്തെ വന്യജീവി വാരാഘോഷത്തിന്റെ നടത്തിപ്പിനായി 26,75,000 രൂപ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനതല ഉദ്ഘാടന പരിപാടിയ്ക്കായും, 14 ജില്ലകളിലെ മത്സരങ്ങൾക്കും, സംസ്ഥാനതല മത്സരങ്ങൾക്കുമുള്ള സമ്മാനത്തുക വിതരണം, സർട്ടിഫിക്കറ്റുകൾ തയ്യാറാക്കൽ, സംസ്ഥാനതല സമാപന സമ്മേളനം എന്നിങ്ങനെ ഒരാഴ്ച നീണ്ടുനിന്ന വിവിധ പരിപാടികളുടെ ചെലവിനായാണ് മേൽപ്പറഞ്ഞ തുക വിനിയോഗിച്ചിട്ടുള്ളത്.

കോങ്ങാട് മണ്ഡലത്തിൽ വന്യമൃഗങ്ങളുടെ ആക്രമണം

301 (303). <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോങ്ങാട് മണ്ഡലത്തിൽ കാട്ടാനയടക്കമുള്ള വന്യമൃഗങ്ങളുടെ ആക്രമണം നിമിത്തം എന്തെല്ലാം നാശനഷ്ടങ്ങളാണ് തിട്ടപ്പെടുത്തിയിട്ടുള്ളത് ; എത്ര പേർക്ക് വനം വകുപ്പ് നഷ്ടപരിഹാരം നൽകിയിട്ടുണ്ട് ; വിശദവിവരം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly